I/84122/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/20389/2021-ICDSA5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 01-03-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## സർക്കുലർ

വിഷയം:- വനിത ശിശുവികസന വകുപ്പ് –സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി- 2022-23 പദ്ധതി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച് :-.

സൂചന:-

1. കേന്ദ്ര സർക്കാരിന്റെ സക്ഷം അങ്കണവാടി &പോഷൺ 2.0-സ്കീം ഫോർ അഡോളസെന്റ് ഗേൾസ്-മാർഗ്ഗനിർദ്ദേശങ്ങൾ
2. 05-01-2023 ലെ വനിതശിശുവികസനവകുപ്പ് ഡയറക്ടറുടെ ICDS/A5/20389/2021 നം പരിപത്രം.
3. സ.ഉ (സാധാ) നം .111/2023/വശിവിവ ,തീയതി 23-02-2023
4. ( 06-08-2019 ലെ സാ നീ വ -ബി/493/2019/സാനീവ നമ്പർ സർക്കുലർ.

സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി 20022-23 സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ആസ്പിറേഷൻ ജില്ലയായ വയനാട് ജില്ലയിലെ 14-18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ എല്ലാ പെൺകുട്ടികൾക്കുമായി പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രാജ്യത്തെ തെരഞ്ഞെടുക്കപ്പെടുന്ന പ്രദേശങ്ങളിലെ 14-18 വയസ്സുവരെയുള്ള പെൺകുട്ടികളുടെ ആരോഗ്യ-പോഷണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ **nutritional component** ഇനത്തിലും IFA supplementation, ആരോഗ്യ പരിശോധന , referral service, ആരോഗ്യ പോഷണ വിദ്യാഭ്യാസം , നൈപുണ്യവികസനം തുടങ്ങിയവ Non nutrition Component ഇനത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിലെ nutritional component ലേയ്ക്കായി 50 : 50 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുക വിനിയോഗിക്കുന്നതിന് കേന്ദ്രസർക്കാർ വ്യവസ്ഥ ചെയ്യുന്നുണ്ട്.

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിലേയ്ക്കായി 600 കലോറിയും, 18-20 ഗ്രാം പ്രോട്ടീനും മൈക്രോന്യൂട്രിയൻസും വർഷത്തിൽ 300 ദിവസം Take Home Ration ആയി നൽകേണ്ടതാണെന്നും കൂടാതെ പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകളുമായി യോജിച്ചുള്ള പ്രവർത്തനത്തിലൂടെ നോൺന്യൂട്രിഷ്യൻ കമ്പോണന്റ് ഇനത്തിലുള്ള സേവനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. ആയതിലേയ്ക്കായി ആരോഗ്യവകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, യുവജനക്ഷേമ വകുപ്പ്, കായിക വകുപ്പ് തുടങ്ങിയവകുപ്പുകളുമായി സംയോജിച്ചുള്ള പ്രവർത്തനം നടത്തേണ്ടതാണ്.

കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള സൂചന(1) Guideline പ്രകാരം സേവനം ആവശ്യപ്പെടുന്ന അങ്കണവാടിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ സേവനം ലഭ്യമാക്കേണ്ടതാണ്. ഇവരെ പോഷൺ ട്രാക്കറിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അടിയന്തിര നടപടി എടുക്കേണ്ടതാണ്. (As per the guidelines ,"The scheme is open to all beneficiaries on demand,

I/84122/2023

irrespective of caste,religion and income criteria. The only precondition is that the beneficiary has to be registered at the nearest Anganwadi centre with Aadhar identification.) പരിഷ്കരിച്ച പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുന്നതിനുള്ള വിശദമായ പരിപത്രം സൂചന(2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിക്കുകയുണ്ടായി.

പരിഷ്കരിച്ച സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ഉത്തരവ് സൂചന (2) പ്രകാരം സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ 2023 മാർച്ച് 8:ാ:ാം തീയതിയിലെ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനത്തെ തുടർന്ന് പദ്ധതി അടിയന്തിരമായി ആരംഭിക്കേണ്ടതാണ്. പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിലേയ്ക്കായി 600 കലോറിയും, 18-20 ഗ്രാം പ്രോട്ടീനും മൈക്രോന്യൂട്രിയൻസും /day നൽകുന്നതിലേയ്ക്കായി കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഒരു ഗുണഭോക്താവിന് അനുവദനീയമായ ഗോതമ്പിന് പുറമേ (ഗോതമ്പ് ലഭ്യമാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു) **60 ഗ്രാം റാഗിയും 10ഗ്രാം ശർക്കരയും** ഒരു മാസം 25 ദിവസം എന്ന രീതിയിൽ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ആയതിനുള്ള പ്രവർത്തനങ്ങൾ store purchase Rules ഉം സൂചന (4) ലെ നിബന്ധനകൾ പാലിച്ചുകൊണ്ടും അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ കൂടാതെ അങ്കണവാടികളിൽ പ്രവർത്തിക്കുന്ന വർണ്ണക്കൂട്ടിലെ അംഗങ്ങളെ കൂടി ഉൾപ്പെടുത്തി Non nutrition നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൽ ആരോഗ്യം,വിദ്യാഭ്യാസം,യുവജനക്ഷേമം,കായികം , SC/ST തുടങ്ങിയ വകുപ്പുകളുമായി സംയോജിച്ച് ജില്ലാതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സൂചന(2) പ്രകാരം നിർദ്ദേശിക്കുകയുണ്ടായി ആയതിനുള്ള പ്രവർത്തനങ്ങൾ തുടരേണ്ടതാണെന്നും അറിയിക്കുന്നു.

വനിതശിശുവികസന ഡയറക്ടർ

ജില്ലാവനിതാശിശുവികസനഓഫീസർ, വയനാട്
പ്രോഗ്രാംഓഫീസർ, വയനാട്
CDPO's , വയനാട്

Signed by Priyanka G
Date: 01-03-2023 22:24:40